**സബ്മിഷൻ**

## 1. കയ്പമംഗലത്തെ കുടിവെള്ള പദ്ധതികൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കയ്പമംഗലം നിയോജക മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാണ് ഈ സബ്മിഷൻ. നാഷണൽ ഹൈവെ 66-ന്റെ നിർമ്മാണവും പഴകിയ പൈപ്പുകൾ നിരന്തരം പൊട്ടുന്നതുമായി ബന്ധപ്പെട്ട് കുടിവെള്ള ചോർച്ചയും പ്രാദേശിക റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടി വരിക തുടങ്ങിയ ഒട്ടനവധി കാരണങ്ങളാൽ കയ്പമംഗലം നിയോജക മണ്ഡലത്തിൽ ആഴ്ചകളോളം കുടിവെള്ളം മുടങ്ങുന്ന സ്ഥിതി നിലവിലുണ്ട്. തീരപ്രദേശ മണ്ഡലമായതിനാൽ ഉപ്പ് വെള്ളവും ഇരുമ്പിന്റെ അംശം കൂടുതലുള്ളതുംമൂലം മഞ്ഞ കലർന്ന ജലമാണ് കിണർ വെള്ളത്തിൽ നിന്നുപോലും ലഭ്യമാകുന്നത്. ഇതെല്ലാം ഗുരുതരമായ കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത വർധിപ്പിക്കുന്നു. ദീർഘവീക്ഷണത്തിലൂടെ കുടിവെള്ളത്തിന് ശാശ്വത പരിഹാരമായി മാറുന്ന 'നാട്ടിക ഫർക്ക' സമഗ്ര കുടിവെള്ള പദ്ധതിയിൽ പഴകിയ പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്ന

പ്രവൃത്തി നടക്കുകയാണ്. എന്നാൽ ഈ പ്രവൃത്തി വളരെ സാവധാനത്തിലായതിനാൽ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച റോഡ് നിർമ്മാണം കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും പുനർനിർമ്മിക്കാതെ കിടക്കുന്നതുമൂലം പ്രദേശം മുഴുവൻ പൊടിപടലങ്ങളാൽ മൂടപ്പെട്ടിരിക്കുകയാണ്. റോഡരികിൽ താമസിക്കുന്നവരും കച്ചവടക്കാരും യാത്രക്കാരും വിദ്യാർത്ഥികളുമെല്ലാം ഒരുപോലെ ദുരിതത്തിലാണ്. ടാറിങ് ഇളകിയ റോഡിലെ വലിയ കുഴികൾ ഇരുചക്രവാഹന യാത്രക്കാർക്കും കാൽനട യാത്രക്കാർക്കും വലിയ പ്രയാസമാണുണ്ടാക്കുന്നത്. അനേകം പേർ ഇതിനോടകം വീണ് പരിക്കേറ്റിട്ടുണ്ട്. അതേത്തുടർന്നുള്ള പ്രതിഷേധ സമരങ്ങളും നിരന്തരമായി ഉണ്ടാകുന്നു. നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി വേഗത്തിലാക്കാനും നേരത്തെ ബജറ്റിൽ പ്രഖ്യാപിച്ച പ്രദേശിക കുടിവെള്ള പദ്ധതി ഏറ്റവും വേഗത്തിൽ നടപ്പാക്കാനും രാമൻകുളം കുടിവെള്ള പദ്ധതി ഫലപ്രദമായി നടപ്പാക്കാനും പൈപ്പ് പൊട്ടുമ്പോഴും മറ്റും ക്രിയാത്മകമായി വേഗത്തിൽ പ്രതികരിക്കുന്ന ജീവനക്കാരുടെ ഒരു ഗ്രൂപ്പിനെ സജ്ജമാക്കാനുമുള്ള നടപടിയെടുത്ത് കയ്പമംഗലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന് ഒരിക്കൽക്കൂടി ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ഉന്നയിച്ച പ്രശ്നം, ആ നിയോജക മണ്ഡലത്തിലെ പൊതുവായ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 'നാട്ടിക ഫർക്ക' കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. അത് പരിഹരിക്കുന്നതോടുകൂടി ആ വിഷയങ്ങൾ അവിടെ പരിഹരിക്കാൻ സാധിക്കും. എന്നാൽ അതോടൊപ്പമുള്ള രണ്ട് പദ്ധതികളും രണ്ട്, മൂന്ന് റീച്ചുകളിലായി പൈപ്പ് ലൈൻ മാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. കൂടാതെ രാമൻകുളം ജലവിതരണ പദ്ധതിയും ഇതിന്റെ ഭാഗമായുള്ള എടത്തുരുത്തി ഗ്രാമപഞ്ചായത്തിലെ വിഷയമാണ്. മാത്രമല്ല 'നാട്ടിക ഫർക്ക' കുടിവെള്ള പദ്ധതിയുടെ പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകുക എന്നതാണ് അടിയന്തരാവശ്യമായി കണക്കാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് ആ വിഷയം അടിയന്തരമായി

പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം. ശേഷിക്കുന്ന ഭാഗം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

## 2. പൊഴിയൂർ-കൊല്ലംകോട് ഭാഗത്തെ കടലാക്രമണം

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തമിഴ്നാടുമായി അതിര് പങ്കിടുന്ന പ്രദേശമാണ് കൊല്ലംകോട്- പൊഴിയൂർ. ഏകദേശം മൂവായിരത്തിലധികം വരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണത്. അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ നടത്തിയിട്ടുള്ള പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് നെയ്യാർ ചെന്ന് സംഗമിക്കുന്നത് പൊഴിയൂർ ഉൾപ്പെടുന്ന ഇടുങ്ങിയ പ്രദേശത്താണ്. വലിയതോതിലുള്ള കടലാക്രമണ ഭീഷണിയുണ്ടാകുകയും നൂറ് കണക്കിന് ഭവനങ്ങൾ തകരുകയും ചെയ്ത ഘട്ടത്തിലാണ് 2024 ഏപ്രിൽ മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊഴിയൂരിൽ നടത്തിയ ഒരു യോഗത്തിൽ കടലാക്രമണസംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചത്. അതിന്റെ ആദ്യഘട്ടത്തിൽ 43 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ, കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശീയരായ

---
+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഇടവക കമ്മിറ്റി അംഗങ്ങളും മത്സ്യത്തൊഴിലാളികളും പ്രായോഗിക ബുദ്ധിമുട്ട് അറിയിച്ചിരുന്നു. പുലിമുട്ട് നിർമ്മാണംകൂടി ഉൾപ്പെടുത്തിയാൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് സഹായകരമായ തരത്തിലേക്ക് കാര്യങ്ങൾ നിർവഹിക്കാൻ കഴിയും. പ്രസ്തുത പദ്ധതിയുടെ പ്രവർത്തന നിർവഹണം നടത്തുന്നത് KIIDC ആണ്. അതിനായി കിഫ്ബിയിൽ നിന്നുമാണ് തുക ലഭ്യമാക്കിയിട്ടുള്ളത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ടെൻഡർ നടപടിയിലേക്ക് കടന്നിട്ടുണ്ടെന്നാണ് മനസിലാക്കുന്നത്. വൈകാതെ അടുത്ത സീസണ് മുമ്പ് സംരക്ഷണഭിത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് ശക്തമായ ഇടപെടൽ നടത്തി സമയപരിധിക്കുള്ളിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കൊല്ലംകോട്-പൊഴിയൂർ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ശ്രീ. കെ. ആൻസലൻ എൽ.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. ഇക്കാര്യങ്ങൾ മനസ്സിലാക്കി ആദ്യഘട്ടത്തിൽ 43.65 കോടി രൂപയുടെ അംഗീകാരം നൽകി പ്രവർത്തനം മുന്നോട്ടുവരുന്ന പശ്ചാത്തലത്തിൽ അതിന്റെ ഡി.പി.ആർ.

തയ്യാറാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് എടുത്തപ്പോഴാണ് കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് അവിടെ പുലിമുട്ടുകൾക്കൂടി ഉൾപ്പെടുത്തണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടത്. അതിന്റെയടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 12-11-2025-ന് ചേർന്ന കിഫ്ബി ബോർഡ് യോഗത്തിൽ പദ്ധതിക്ക് 93.22 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിക്കുകയും തുടർന്ന് 31-12-2025-ന് പ്രസ്തുത സാമ്പത്തിക അനുമതി ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തു. തീരദേശസംരക്ഷണ പദ്ധതിയിൽ ഘടനകളുടെ ആയുസ്സ് വർധിപ്പിക്കുന്നതിനും ആയത് ഉറപ്പാക്കുന്നതിനും രൂപകല്പനയിൽ ഒഴിവാക്കാനാകാത്ത ചില നിർമ്മിതികൾക്കൂടി ഉൾപ്പെടുത്താൻ സർക്കാരിൽനിന്ന് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഘടകംകൂടി ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പരിഷ്കരിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 04-02-2026 (ഇന്ന്) സാങ്കേതികാനുമതി നൽകി കമ്മിറ്റി യോഗം ചേരുന്നതിനുള്ള നടപടി സ്വീകരിച്ച് പ്രസ്തുത വർക്ക് നടത്തുന്നതായിരിക്കും.

## 3. തുറവൂരിലെ കുടിവെള്ള പ്രശ്നം

ശ്രീമതി ദെലീമ: സർ, അരൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമാണ്. കുത്തിയതോട്, തുറവൂർ, കോടംതുരുത്ത്, ഏഴുപുന്ന,

അരൂർ എന്നീ പഞ്ചായത്തുകളിൽ ജനം കുടിവെള്ളം ലഭിക്കാതെ വലയുകയാണ്. രണ്ടാഴ്ചക്കാലമായി ഈ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിയിട്ട്. അതിനുമുമ്പുള്ള ഒരുമാസവും കുടിവെള്ളമില്ലായിരുന്നു. ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നിരന്തരം പൈപ്പുകൾ പൊട്ടുന്നത് കുടിവെള്ള വിതരണം തടസ്സപ്പെടുന്നതിന് കാരണമാകുന്നുണ്ട്. തീരദേശമേഖലയിലെ കുത്തിയതോട്, തുറവൂർ പ്രദേശങ്ങളിലെ ജനങ്ങൾ ഉപ്പ് വെള്ളം കുടിക്കേണ്ട അവസ്ഥയിലേക്ക് മാറിയിരിക്കുകയാണ്. തീരദേശപ്രദേശത്ത് ഇന്ന് ഉപ്പ് വെള്ളംപോലും ലഭിക്കുന്നില്ല. അരൂർ നിയോജകമണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിൽ ഒൻപത് എണ്ണത്തിലും ജപ്പാൻ കുടിവെള്ള ടാങ്കുകൾ ഉള്ളപ്പോൾ തുറവൂർ പഞ്ചായത്തിൽ മാത്രം ടാങ്കില്ലാത്തത് ആ പ്രദേശത്തെ ജനങ്ങൾ കുടിവെള്ളം ലഭിക്കാതെ അലയുന്നതിന് കാരണമാകുന്നുണ്ട്. ഏതെങ്കിലും പ്രദേശത്ത് പൈപ്പ് പൊട്ടിയാൽ നിയോജകമണ്ഡലത്തിലാകെ കുടിവെള്ളം ഇല്ലാതാകുന്ന അവസ്ഥയാണ്. ഇതിനൊരു അടിയന്തര പരിഹാരം കാണേണ്ടതുണ്ട്. കൂടാതെ, ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ് പൊട്ടുമ്പോൾ അത് ഉടനടി നന്നാക്കുവാനും പകരം സംവിധാനം ഉപയോഗിച്ച് ജനങ്ങളുടെ കുടിവെള്ളക്ഷാമം

പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അരൂർ മുതൽ തുറവൂർ വരെയുള്ള 12.75 കിലോമീറ്റർ ദൈർഘ്യത്തിൽ ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന എലിവേറ്റഡ് ഹൈവേയുടെ താഴെ നിർമ്മാണം നടന്നുവരുന്ന സർവീസ് റോഡിൽ നിലവിൽ സ്ഥാപിച്ചിരിക്കുന്ന JICA ചേർത്തല പദ്ധതിയുടെ പൈപ്പ്‌ലൈനിൽ കൂടിയാണ് എട്ട് പഞ്ചായത്തുകളിലെ 2.20 ലക്ഷം ജനങ്ങൾക്ക് 61583 കണക്ഷനുകളിലൂടെ ജലവിതരണം സാധ്യമാക്കുന്നത്. 8.50 കിലോമീറ്റർ പമ്പിങ് മെയിനും 40.67 കിലോമീറ്റർ വിതരണക്കുഴലുകളും പ്രസ്തുത റോഡിൽ സ്ഥാപിച്ചിട്ടുണ്ട്. പമ്പിങ് മെയിനുകൾ റോഡിന്റെ ഇടതുവശത്തും വിതരണക്കുഴലുകൾ റോഡിന്റെ ഇരുവശങ്ങളിലും സ്ഥാപിച്ചിരിക്കുന്നു. സർവീസ് റോഡ് വീതി കൂട്ടിയും വളവുകൾ നിവർത്തിയും നിർമ്മിക്കുന്നതിനാൽ നിലവിലുള്ള പൈപ്പ്‌ലൈനുകൾ ടാർ റോഡിന്റെയോ ഇന്റർലോക്ക് ടൈലുകളുടേയോ ഓടകളുടേയോ അടിയിലായി മാറുന്നു. മേൽ പൈപ്പ്‌ലൈനുകൾ പൂർണ്ണമായും മാറ്റിസ്ഥാപിക്കാൻ ജലഅതോറിറ്റി നൽകിയ എസ്റ്റിമേറ്റിന് ദേശീയപാത

അതോറിറ്റി ഇതുവരെയും അംഗീകാരം നൽകിയിട്ടില്ല. ദേശീയപാത അതോറിറ്റി ആദ്യം അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം മാറ്റിസ്ഥാപിക്കേണ്ട 17.06 കിലോമീറ്റർ പൈപ്പ്ലൈനുകളിൽ 2.50 കിലോമീറ്റർ മാത്രമാണ് ഇതുവരെ മാറ്റിസ്ഥാപിച്ചിട്ടുള്ളത്. നിർമ്മാണത്തിന് തടസ്സമാകുന്ന പൈപ്പ്ലൈനുകൾ മാത്രമാണ് നിലവിൽ കരാർ കമ്പനി മാറ്റിസ്ഥാപിക്കുന്നത്. ആയതിനാൽ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പൈപ്പ്ലൈനുകൾ പൂർണ്ണമായും മാറ്റിസ്ഥാപിക്കാൻ സാധ്യമല്ലെന്ന നിലപാടാണ് കരാർ കമ്പനി സ്വീകരിച്ചിട്ടുള്ളത്. 8.50 കിലോമീറ്റർ ദൈർഘ്യമുള്ള പമ്പിങ് മെയിൻ ഓടയുടെ നിർമ്മാണത്തിന്റെയും ഭാര വാഹനങ്ങളുടെ സമ്മർദ്ദംമൂലവും തകരുന്നത് പതിവാണ്. നിലവിലുള്ള പൈപ്പ്ലൈനുകൾ ഓടനിർമ്മിക്കേണ്ടുന്ന താഴ്ചയുടെ തൊട്ട് താഴെയാണെങ്കിൽക്കൂടിയും ആയത് മാറ്റിയിടാതെ അതിന്മേൽ ഓടനിർമ്മിച്ച് പോകുന്ന പ്രവണതയാണ് ദേശീയപാത അതോറിറ്റി ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നത്. മേൽകാരണങ്ങൾ നിർമ്മാണ വേളയിൽ തുടർച്ചയായി പൈപ്പ്ലൈൻ പൊട്ടുന്നതിന് ഇടയാക്കുന്നു. ആയതിന്റെ തകരാറുകൾ കരാർ കമ്പനിതന്നെയാണ് പരിഹരിക്കേണ്ടത്. തകരാറുകൾ

പരിഹരിക്കുന്നതിന് കരാറുകാർക്ക് രണ്ട് മുതൽ മൂന്ന് ദിവസം വരെ വേണ്ടിവരുന്നുണ്ട്. തീരദേശമേഖലയിൽ ജലസംഭരണികളിൽനിന്നും വിദൂരസ്ഥലങ്ങളിൽ ആയതിനാൽ തകരാർ പരിഹരിച്ച് വീണ്ടും രണ്ട് മുതൽ മൂന്ന് വരെ ദിവസങ്ങൾകൊണ്ട് മാത്രമെ ഇവിടെ ജലം എത്തിച്ചേരുകയുള്ളൂ. ഇത് പ്രസ്തുത പ്രദേശങ്ങളിൽ തുടർച്ചയായ ജലക്ഷാമമുണ്ടാകാൻ ഇടയാക്കുന്നു. പൈപ്പ്ലൈനുകളിൽ ഉണ്ടാകുന്ന ലീക്കുകൾ പരിഹരിച്ച് ജലവിതരണം എത്രയുംവേഗം പുനഃസ്ഥാപിക്കുന്നതിന് എല്ലാവിധ ശ്രദ്ധയും ജല അതോറിറ്റി നൽകുന്നുണ്ട്. എന്നിരുന്നാലും റോഡ് നിർമ്മാണംമൂലം അടിക്കടിയുണ്ടാകുന്ന തകരാറുകൾ തീരദേശമേഖലയെ സാരമായി ബാധിക്കുന്നുണ്ട്. 22-10-2025 മുതൽ നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽകൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജലവിതരണം സാധ്യമാക്കുന്നതിന് വേണ്ടുന്ന ഏറ്റവും ചുരുങ്ങിയ അളവിലുള്ള പൈപ്പ്ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിന് 6.32 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ദേശീയപാത അതോറിറ്റിക്ക് നൽകിയെങ്കിലും നാളിതുവരെ ആയതിലും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ ഘടകങ്ങൾ കണക്കിലെടുത്ത്,

പമ്പിങ് മെയിനുകളും റോഡിന് ഇരുഭാഗത്തുമുള്ള ജലവിതരണ ശൃംഖലകളും മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ NHAI-യുടെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകുകയെന്നത് മാത്രമാണ് ഈ പ്രശ്നത്തിനുള്ള ശാശ്വതപരിഹാരം. യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കുഴിക്കൽ പരിമിതപ്പെടുത്തുകയും ഒരു പരിധിക്ക് ശേഷമുള്ള താഴ്ചയിലെ മണ്ണ് നീക്കി manual labour ആയി ചെയ്യുകയും ചെയ്താൽ ഓടനിർമ്മാണ സമയത്തുള്ള പൈപ്പ്ലൈൻ പൊട്ടൽ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. എന്നിരുന്നാലും മറ്റ് സാഹചര്യങ്ങൾ മൂലമുണ്ടാകുന്ന പൊട്ടലുകൾ ഒഴിവാക്കണമെങ്കിൽ ജലവിതരണ ശൃംഖലകൾ മാറ്റിസ്ഥാപിക്കുകതന്നെ വേണം. ദേശീയപാത അതോറിറ്റിയുടെ പൂർണ്ണ സഹകരണമില്ലാതെ പൈപ്പ് പൊട്ടലുകൾ ഒഴിവാക്കാൻ കഴിയില്ല. പൈപ്പ് ലൈനുകൾ നാഷണൽ ഹൈവേ മുറിച്ചുകടന്ന് മറുവശത്തേക്ക് കൊണ്ടുപോകേണ്ട ഭാഗങ്ങളിൽ 'Cross Duct' സ്ഥാപിക്കുന്ന കാര്യത്തിനും ദേശീയപാത അതോറിറ്റി വേണ്ടത്ര പരിഗണന നൽകുന്നില്ല. ഇതും ഭാവിയിൽ ജലവിതരണ പദ്ധതികളെ ദോഷകരമായി ബാധിക്കും. JICA ചേർത്തല ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ സമയത്ത് ടാങ്ക് സ്ഥാപിക്കുന്നതിന് സ്ഥലം

ലഭ്യമാകാത്തതിനാലാണ് തുറവൂർ പഞ്ചായത്തിൽ ടാങ്ക് നിർമ്മിക്കാൻ സാധിക്കാതെ വന്നത്. നിലവിൽ ടാങ്ക് നിർമ്മിക്കുന്നതിനായി പഞ്ചായത്ത് കണ്ടെത്തിയിരിക്കുന്ന സ്ഥലം വളമംഗലം എന്ന പ്രദേശത്താണ്. ഇവിടെ 18 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയും അനുബന്ധ പമ്പിങ് വിതരണ പൈപ്പുകളും സ്ഥാപിക്കുന്നതിന് 21 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

4. <u>മരം വീണ് മരണപ്പെട്ട ഹർഷകുമാറിന്റെ കുടുംബത്തിന് സഹായം</u>

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, എന്റെ നിയോജകമണ്ഡലമായ വാമനപുരത്ത് അടുത്തകാലത്തുണ്ടായ ദാരുണ സംഭവം ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല പഞ്ചായത്ത് വനം ചുറ്റിപ്പറ്റിയുള്ള ഒരു പ്രദേശമായതിനാൽ വന്യജീവികളുടെ ആക്രമണവും പ്രകൃതി ദുരന്തങ്ങളും വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. 2026 ജനുവരി ഏഴാം തീയതി പാലോട്-ബ്രൈമൂർ റോഡിൽ കുളച്ചൽ ഭാഗത്ത് രാത്രി ബൈക്കിൽ യാത്ര ചെയ്ത ഷൈജു എന്ന് വിളിക്കുന്ന ഹർഷകുമാർ എന്ന വ്യക്തിയുടെ

ശരീരത്തിലേക്ക് (നെറ്റിയിൽ) മരം വീഴുകയും ഉടൻതന്നെ മരണപ്പെടുകയും ചെയ്തു. അദ്ദേഹം ഇടിഞ്ഞാറിൽ നാല് സെന്റ് കോളനിയിലാണ് താമസിച്ചിരുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട അദ്ദേഹത്തിന്റെ കുടുംബം സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നെന്ന് മാത്രമല്ല നിരവധി കടബാധ്യതകളുമുണ്ട്. കുടുംബത്തിന്റെ അത്താണിയായ ഹർഷകുമാറിന്റെ മരണംമൂലം കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങളും കുടുംബത്തിന്റെ മുന്നോട്ടുള്ള പോക്കും നിലച്ച മട്ടാണ്. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര സഹായം അനുവദിച്ച് നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ഇതേ ചോദ്യമാണ് അങ്ങ് ഇന്നലെയും ചോദിച്ചത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ദാരുണമായ ഒരു സംഭവം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യം ഉന്നയിച്ചത്. കാറ്റും മഴയുംമൂലം മരം ഒടിഞ്ഞുവീണതിന്റെ ഫലമായി ഹർഷകുമാർ തൽക്ഷണം മരണപ്പെട്ടു.

പ്രകൃതിദുരന്തത്തിന്റെ ഭാഗമായുള്ള നാശത്തെക്കുറിച്ചാണ് ഇക്കാര്യത്തിൽ പ്രതിപാദിക്കാൻ സാധിക്കുക. വനം വകുപ്പിന്റെ സാമ്പത്തിക സഹായവുമായി ബന്ധപ്പെട്ടല്ല ഇക്കാര്യം കൈകാര്യം ചെയ്യേണ്ടിയിരുന്നതെങ്കിലും വനം വകുപ്പും അവിടെയുള്ള വനസംരക്ഷണ സമിതിയും ഈ കുടുംബത്തിന്റെ നിസ്സഹായത മനസ്സിലാക്കി 25,000/- രൂപ സഹായധനമായി നൽകിയിട്ടുണ്ട്. ദുരന്തനിവാരണ നിധിയിൽനിന്നും പണം ലഭിക്കാൻ ശ്രമിക്കുകയെന്നത് മറ്റൊരു വഴിയായതിനാൽ ആ നിലയിൽ ജില്ലാ കളക്ടറോട്, ഒരു നിർദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആ പ്രദേശത്തെ റോഡ്സൈഡിൽ നിൽക്കുന്ന മരങ്ങളിൽ 93 മരങ്ങൾ മുറിച്ചുമാറ്റി അപകടസാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുള്ളതുമാണ്.

5. <u>അരുവിക്കരയിലെ പാലങ്ങളുടെ നിർമ്മാണം</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജക മണ്ഡലത്തിലെ അരുവിക്കര ഡാം പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രവും തീർഥാടന കേന്ദ്രവുമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള അതിപുരാതനവും ചരിത്രപ്രസിദ്ധവുമായ

ദേവീക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം, തിരുവനന്തപുരം ജില്ലയിൽ പ്രധാനപ്പെട്ട അഞ്ച് കർക്കിടക വാവുബലി നടക്കുന്ന സ്ഥലം, ശബരിമല തീർഥാടകരുടെ ഇടത്താവളം എന്നീ നിലകളിൽ വളരെയേറെ പ്രാധാന്യമുള്ള ഒരു സ്ഥലമാണ് അരുവിക്കര. തിരുവനന്തപുരം നഗരത്തിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റും കേരളാ വാട്ടർ അതോറിറ്റിയുടെ ഹെഡ് ഡിവിഷൻ ഓഫീസും സ്ഥിതിചെയ്യുന്നത് അരുവിക്കരയിലാണ്. ഇത്തരത്തിൽ നിത്യേന ആയിരക്കണക്കിനാളുകൾ വന്നുപോകുന്ന ഈ പ്രദേശത്ത് ഡാമിന് തൊട്ടുതാഴെയായി സ്ഥിതിചെയ്യുന്ന പാലത്തിന് 5 മീറ്റർ മാത്രമാണ് വീതിയുള്ളത്. ഈ പാലത്തിന്റെ ഇരുവശങ്ങളിലും 12 മീറ്റർ വീതിയിലുള്ള റോഡുകളാണുള്ളത്. ആ പാലത്തിലൂടെ ഒരു സമയത്ത് രണ്ട് വാഹനങ്ങൾക്ക് കടന്നുപോകാൻ കഴിയാത്ത സ്ഥിതിയായതിനാൽ എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും വലിയ ഗതാഗതക്കുരുക്കുണ്ടാകുന്നു. നിത്യേന കെ.എസ്.ആർ.ടി.സി. ബസ്സുകൾ, കുടിവെള്ള ടാങ്കറുകൾ, മറ്റ് യാത്രാ വാഹനങ്ങൾ തുടങ്ങിയവ ധാരാളം കടന്നുപോകുന്നതും മലയോര പ്രദേശങ്ങളെ നഗരവുമായി ബന്ധിപ്പിക്കുന്നതുമായ പ്രധാനപ്പെട്ട പാതയാണ് അരുവിക്കര ഡാമിന്റെ സൈഡിലൂടെയുള്ള റോഡ്. അരുവിക്കര ജങ്ഷന്റെ

വികസനപ്രവർത്തനങ്ങൾ നടക്കുന്ന ഈ ഘട്ടത്തിൽ രണ്ട് വാഹനങ്ങൾക്ക് ഒരേസമയം കടന്നുപോകാനുള്ള പുതിയ ഒരു പാലം പണിയേണ്ടത് അനിവാര്യമാണ്. കൂടാതെ, ആര്യനാട് ഗ്രാമപഞ്ചായത്തിലെ ചൊക്കൻതീനിക്കടവ് പാലവും ഇതേ സ്ഥിതിയിലാണ്. ആദിവാസി ജനവിഭാഗങ്ങൾക്ക് ആര്യനാട് ജങ്ഷനിലേക്കും നഗരത്തിലേക്കും കടന്നുവരാനുള്ള ഏക ആശ്രയമായ ഈ പാലം യാഥാർത്ഥ്യമാകുകയാണെങ്കിൽ അവർക്ക് വളരെയേറെ സഹായകരമായിരിക്കും. ഈ രണ്ട് പാലങ്ങളും അടിയന്തരമായി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അരുവിക്കര നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട പാതകളുടെ ഗതാഗത സൗകര്യം വർധിപ്പിക്കാൻ സഹായിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, അരുവിക്കര നിയോജക മണ്ഡലത്തിലെ രണ്ട് പ്രധാനപ്പെട്ട പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാന്യനായ എം.എൽ.എ.

ഈ സബ്മിഷനിലൂടെ ഉന്നയിച്ചത്. ആര്യനാട്-ഈഞ്ചപ്പുരി പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചൊക്കൻതീനിക്കടവ് പാലം നിർമ്മിക്കുന്നതിനായി 10 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയും അരുവിക്കര ഡാമിന്റെ ഡൗൺ സ്ട്രീമിന് കുറുകെയുള്ള പാലനിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി പ്രൊപ്പോസലും തയ്യാറാക്കിയിരുന്നു. ബജറ്റിൽ ബന്ധപ്പെട്ട ഹെഡിൽ ടോക്കൺ പ്രൊവിഷൻ മാത്രമുണ്ടായിരുന്നതിനാൽ ഈ രണ്ട് പാലങ്ങളുടെയും നിർമ്മാണ നിർദേശങ്ങൾ തൽക്കാലം മാറ്റിവയ്ക്കുകയാണുണ്ടായത്. എന്നാൽ ബഹുമാന്യനായ എം.എൽ.എ. ശ്രീ. ജി. സ്റ്റീഫൻ തുടർച്ചയായി ഇക്കാര്യത്തിൽ ഇടപെടുന്നതിനാൽ ഈ പാലങ്ങൾക്ക് ഫണ്ടനുവദിക്കുന്നതിനുള്ള പദ്ധതി നിർദേശം ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്ക് ഒരിക്കൽക്കൂടി സമർപ്പിക്കുന്നതാണ്.

## 6. ദേശീയ പാത വികസനം

ശ്രീ. എം. നൗഷാദ്: സർ, ദേശീയപാതാ നിർമ്മാണവുമായി ബന്ധപ്പെട്ട് മൈലക്കാട്, കൊട്ടിയം, പറക്കുളം, ഉമയനല്ലൂർ, മേവറ, കല്ലുംതാഴം, അയത്തിൽ തുടങ്ങിയ സ്ഥലങ്ങളിലെ അപാകതകളെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. മൈലക്കാട് പ്രദേശത്ത് Reinforced Earth Wall

തകർന്നു വീണു. തലനാരിഴയ്ക്കാണ് സ്കൂൾ ബസുൾപ്പെടെ അത്ഭുതകരമായി രക്ഷപ്പെട്ടത്. പറക്കുളം ഭാഗത്ത് Reinforced Earth Wall പുറത്തേയ്ക്ക് തള്ളിനിൽക്കുകയാണ്. അവിടെ മഴക്കാലമാകുമ്പോൾ Reinforced Earth Wall-ന് ഇടയിലൂടെ വെള്ളം പുറത്തേയ്ക്ക് ഒഴുകുന്നതിനാൽ സിമെന്റുപയോഗിച്ച് തേച്ചെങ്കിലും വീണ്ടും മഴ വരുമ്പോൾ ആ സിമെന്റുകൾ ഇളകി വീഴുകയാണ്. നിലവിലുള്ള ഭൂമിക്ക് താങ്ങാൻ കഴിയാത്ത തരത്തിലുള്ള മണ്ണ് അവിടെ കയറ്റി വച്ചിരിക്കുന്നതിനാൽ, ഹൈവേയിലെ ഏറ്റവും പ്രധാനപ്പെട്ട സർവീസ് റോഡായ അവിടെ ഏത് സമയവും എന്തും സംഭവിക്കാവുന്ന ഒരു സ്ഥിതിവിശേഷമാണ്.

മുമ്പ് വയൽപ്രദേശമായിരുന്ന അവിടെ ആവശ്യമായ പരിശോധന നടത്താതെ നിർമ്മാണം നടത്തിയിട്ടുള്ളതിനാൽ മണ്ണിട്ടിട്ടുള്ളത് മാറ്റി Elevated Bridge സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുപോലെ ഉമയനല്ലൂർ ജങ്ഷനിൽ നിർമ്മിച്ചിട്ടുള്ള ഒരു അടിപ്പാതയിലൂടെ രണ്ട് വാഹനങ്ങൾക്ക് കടന്നുപോകാനോ അങ്ങോട്ട് കയറാനോ കഴിയാത്ത സ്ഥിതിയായതിനാൽ അവിടം വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്. അയത്തിൽ പ്രദേശത്ത് Reinforced Earth Wall ഇളകിവീണിട്ടുണ്ട്.

അവിടെനിന്നും വരുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ജങ്ഷനായ പള്ളിമുക്കിലേക്ക് തിരിയാൻ കഴിയാത്ത തരത്തിൽ റോഡ് നിർമ്മിച്ചിരിക്കുന്നതിനാൽ അവിടെ സ്ഥലമേറ്റെടുത്ത് വിപുലപ്പെടുത്തേണ്ടതുണ്ട്. കല്ലുംതാഴം പ്രദേശത്തുകൂടി ഒരു റെയിൽവേ ലൈൻ പോകുന്നതിനാൽ ഹൈവേ അതിനുമുകളിലൂടെ പണിതതിനെത്തുടർന്ന് അവിടെയുള്ള സർവീസ് റോഡുകളും മേവറത്തുനിന്നും വരുന്നവരുടെ സർവീസ് റോഡുകളും ബ്രേക്കാവുകയാണ്. എതിർവശത്തും അതുപോലെ അയത്തിൽനിന്നും വരുന്നവർക്ക് പാൽക്കുളങ്ങരയിൽ ബ്രേക്കാകുകയാണ്. കല്ലുംതാഴത്തുനിന്നും വരുന്നവർക്കും ഇതേ പ്രശ്നമുണ്ട്. ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും കടക്കാൻ കഴിയാത്ത സ്ഥിതിയിൽ റോഡ് ബ്ലോക്കാകുന്നതിനാൽ സൗകര്യങ്ങൾ വർധിപ്പിക്കാൻ വേണ്ടിയാണ് ഈ സബ്മിഷൻ. തികച്ചും ഈ നിർമ്മാണപ്രവൃത്തികൾ അശാസ്ത്രീയമായ രീതിയിൽ ജനങ്ങൾക്ക് മുമ്പുണ്ടായിരുന്ന സൗകര്യങ്ങൾ പോലും ഇല്ലാതാക്കുന്ന തരത്തിലായതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. ഇവ പരിഹരിക്കുന്നതിനുവേണ്ട ഇടപെടലുകൾ NHAI ആണ് ചെയ്യുന്നതെങ്കിലും സംസ്ഥാന സർക്കാരിന്

കഴിയാവുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്തി പറക്കുളം ഭാഗത്ത് Elevated Bridge-ഉം ഉമയനല്ലൂരിൽ അടിപ്പാത വിപുലപ്പെടുത്തുകയും അയത്തിൽ പ്രദേശത്ത് ഭൂമിയേറ്റെടുത്ത് വിപുലമാക്കുകയും കല്ലുംതാഴത്ത് സഞ്ചരിക്കാനുള്ള സൗകര്യവും ചെയ്ത് നൽകണമെന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, സംസ്ഥാനത്തെ ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ശ്രീ. എം. നൗഷാദ് എം.എൽ.എ. ഉന്നയിച്ചിരിക്കുന്നത്. ദേശീയപാതാ അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടക്കുന്ന പ്രവൃത്തിക്കിടെ കൊല്ലം ജില്ലയിലെ മൈലക്കാട് ഒരു Reinforced Soil Wall-ന് തകർച്ച സംഭവിച്ചിരുന്നു. അപകടം നടന്ന അന്നുതന്നെ ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിക്ക് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കത്തയയ്ക്കുകയും ഉന്നതതല പരിശോധന ആവശ്യപ്പെടുകയും ചെയ്തു. അതിനെത്തുടർന്ന് ഒരു വിദഗ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുമെന്ന് NHAI ഉറപ്പുനൽകിയതിന്റെ അടിസ്ഥാനത്തിൽ

IIT-യിലെ വിദഗ്ധരെയുൾപ്പെടുത്തി ഉന്നതതല വിദഗ്ധ സമിതി രൂപീകരിക്കുകയും സ്ഥലം സന്ദർശനം നടത്തി സമിതി നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ഈ സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പരിഹാരനടപടികളും തകർച്ച സംഭവിച്ച ഭാഗത്ത് സ്ഥിരത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ തകർച്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ കർശനനടപടികൾ സ്വീകരിച്ചുവരുന്നതായും പരിഹാരനടപടികളും തകർച്ച സംഭവിച്ച ഭാഗത്ത് സ്ഥിരത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും കൺസഷനയറുടെ റിസ്ക് & കോസ്റ്റിൽ നടത്തിവരുന്നതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇതോടൊപ്പം ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന ദേശീയപാത 66-ന്റെ (17 സ്ട്രച്ചുകൾ) പൂർത്തിയായതും പുരോഗമിക്കുന്നതുമുൾപ്പെടെയുള്ള Reinforced Soil Wall-ന്റെ എല്ലാ സ്ട്രക്ചറുകളുടെയും മണ്ണ് പരിശോധനയുൾപ്പെടെയുള്ള ലാബ് പരിശോധനകൾ നടത്തുന്നതിനായി 10 പ്രത്യേക വിദഗ്ധ ഏജൻസികളെ ഏർപ്പെടുത്തി സമഗ്ര ജിയോ ടെക്നിക്കൽ പഠന പരിപാടി ആരംഭിച്ചിട്ടുണ്ട്. വിദഗ്ധസമിതിയുടെ കണ്ടെത്തലുകൾ,

ജിയോ ടെക്നിക്കൽ പഠന റിപ്പോർട്ടുകൾ, സാമൂഹ്യ പരിഗണനകൾ എന്നിവ സംയുക്തമായി പരിശോധിച്ചശേഷം ഓരോ Reinforced Soil Wall-ന്റെയും ഡിസൈൻ, നിർമ്മാണം എന്നിവ പുനഃപരിശോധിച്ചശേഷം ആവശ്യമായിടത്ത് ശക്തിപ്പെടുത്തൽ, പുനർരൂപകൽപന അഥവാ പൊളിച്ചുനീക്കൽ, Viaduct നിർമ്മാണം എന്നിവ പരിഗണിക്കുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. നിർദിഷ്ട സുരക്ഷയും സ്ഥിരതാ മാനദണ്ഡങ്ങളും പൂർണ്ണമായും പാലിച്ചശേഷം മാത്രമെ ഏതൊരു റോഡും ഗതാഗതത്തിനായി തുറന്നുകൊടുക്കുകയുള്ളൂ എന്ന ഉറപ്പ് ദേശീയപാത അതോറിറ്റി നൽകിയിട്ടുണ്ട്. ഇത് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാട്ടിയ വിഷയങ്ങൾ പ്രത്യേകമായി NHAI-യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

7. <u>ശബരി റെയിൽ പദ്ധതി വിഴിഞ്ഞം തുറമുഖം വരെ നീട്ടുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കേരളത്തിന്റെ വികസന ചരിത്രത്തിൽ ഏറെക്കാലമായി കാത്തിരിക്കുന്നതും പ്രതീക്ഷകൾ ഉണർത്തുന്നതുമായ പദ്ധതിയാണ് അങ്കമാലി മുതൽ എരുമേലി വരെ പ്രഖ്യാപിച്ചിട്ടുള്ള ശബരി

റെയിൽ പദ്ധതി. ഈ പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിക്കണമെങ്കിൽ അത് പുനലൂരിലേക്കും തുടർന്ന് തിരുവനന്തപുരം വരെ നീട്ടി വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ശബരിമലയുടെ കവാടമായി അറിയപ്പെടുന്ന പുനലൂർ വഴിയാണ് തമിഴ്നാട് ഉൾപ്പെടെയുള്ള അയ്യപ്പൻമാർ ശബരിമല തീർത്ഥാടനത്തിന് പോകാറുള്ളത്. അയ്യപ്പക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ട മൂന്ന് അമ്പലങ്ങളുൾപ്പെടുന്ന പുനലൂരിനെ 2022-23-ലെ ബജറ്റിൽ ശബരിമല തീർത്ഥാടന സർക്യൂട്ടിലുൾപ്പെടുത്തി പ്രഖ്യാപനം വന്നതിനെത്തുടർന്ന് പുനലൂരിനെ ഇടത്താവളമായി ദേവസ്വം ബോർഡ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. ശബരി റെയിൽപാത പുനലൂരിലേക്കും തുടർന്ന് തിരുവനന്തപുരം വരെയും നീട്ടിയാൽ തെക്കൻ കേരളത്തിലെയും സമീപ സംസ്ഥാനങ്ങളിലെയും തീർത്ഥാടകർക്ക് ശബരിമലയുമായി നേരിട്ടുള്ള റെയിൽ ബന്ധം ലഭിക്കും. കൂടാതെ, നിലവിലുള്ള കൊല്ലം-ചെങ്കോട്ട റെയിൽപാത വഴി ശബരി റെയിലിനെ പുനലൂർ വഴി തമിഴ്നാട്ടിലേക്ക് നീട്ടുന്നതിനും സാധിക്കും. പുനലൂർ, കൊല്ലം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നിവ ഏകോപിപ്പിച്ച് സർക്കാർ പ്രഖ്യാപിച്ച വികസന ത്രികോണമെന്ന ആശയം ഫലപ്രദമാകുന്ന തരത്തിൽ തിരുവനന്തപുരം വരെ ഇതിനെ

വികസിപ്പിച്ചാൽ സംസ്ഥാനത്തിന്റെ ഭാവി സാമ്പത്തിക പുരോഗതിക്കുകൂടി വഴി തെളിയുമെന്നതിൽ സംശയമില്ല. ഈ വിഷയം കേരള സർക്കാരും കേന്ദ്ര സർക്കാരും ഒരുമിച്ച് ചേർന്ന് പരിഗണിക്കുകയും അനുകൂല നിലപാട് സ്വീകരിക്കുകയും വേണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 1997-98-ലെ റെയിൽവേ ബജറ്റിൽ ആദ്യമായി ഏർപ്പെടുത്തിയ അങ്കമാലി-ശബരി റെയിൽ പദ്ധതി, ശബരിമല തീർഥാടകരുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും എറണാകുളം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളുടെ മലയോര മേഖലയുടെ സാമ്പത്തിക വികസനത്തിനും സഹായിക്കുകയും കൂടാതെ 110 കിലോമീറ്റർ ദൈർഘ്യമുള്ള അങ്കമാലി-പെരുമ്പാവൂർ-മൂവാറ്റുപുഴ-തൊടുപുഴ-പാല തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുകയും ചെയ്യുന്നു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ എട്ട് കിലോമീറ്റർ ഭൂമി ഏറ്റെടുക്കലിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പ്രദേശത്തെ നിർമ്മാണപ്രവൃത്തികളുടെ തൊണ്ണൂറ്

ശതമാനം പൂർത്തിയായെങ്കിലും ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അങ്കമാലി-കാലടി പ്രദേശത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ ഉള്ളതിനാലും പദ്ധതിക്കാവശ്യമായ ഫണ്ട് ലഭിക്കാത്തതും കാരണം പദ്ധതി കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിലേറെയായി സ്തംഭനാവസ്ഥയിലാണ്. 2021-ലെ സർക്കാർ ഉത്തരവുപ്രകാരം പദ്ധതി ചെലവിന്റെ അമ്പത് ശതമാനം കിഫ്ബി വഴി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തയ്യാറാണെന്ന് റെയിൽവേയെ അറിയിച്ചിരുന്നു. 2,815 കോടി രൂപയായിരുന്നു അന്നത്തെ പദ്ധതി ചെലവെങ്കിൽ ഇന്ന് അത് 3,800 കോടി രൂപയായി വർധിച്ചിട്ടുണ്ട്. 2019-ൽ റെയിൽവേ ബോർഡ് നിർദിഷ്ട പദ്ധതി മരവിപ്പിക്കുകയാണുണ്ടായത്. ചെലവിന്റെ അമ്പത് ശതമാനം സംസ്ഥാനം വഹിച്ച് ഭൂമിയേറ്റെടുക്കൽ ആരംഭിച്ചാൽ പദ്ധതി പുനരുജ്ജീവിപ്പിക്കാമെന്ന് പിന്നീട് അറിയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കിഫ്ബി ഫണ്ടിൽനിന്നും ചെലവിന്റെ പകുതി വഹിക്കാമെന്ന് 2025-ൽ കേന്ദ്രത്തെ അറിയിച്ചു. സംസ്ഥാന റെയിൽവേ വകുപ്പുമന്ത്രി ഇതിനെ പിന്തുണച്ച് കത്തയക്കുകയും ചെയ്തിരുന്നു. കെ.ആർ.ഡി.സി.എൽ. (കേരള റെയിൽ ഡെവലപ്മെന്റ്

കോർപ്പറേഷൻ ലിമിറ്റഡ്) തയ്യാറാക്കിയ പുതുക്കിയ കണക്കുപ്രകാരം 111.48 കിലോമീറ്റർ ദൈർഘ്യമുള്ള പദ്ധതിക്ക് 303 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഭൂമിയേറ്റെടുക്കലിനും നിർമ്മാണത്തിനും വേണ്ടി 3,800 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമെന്ന് ഔദ്യോഗികമായി അറിയിക്കണമെന്ന് റെയിൽവേ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കാനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഇപ്പോൾ അറിയിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട അലൈൻമെന്റും മാപ്പുകളും സംസ്ഥാനത്തിന് കൈമാറുമെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനനുസരിച്ച് പുനലൂർ-തിരുവനന്തപുരം റൂട്ടിലേയ്ക്കുകൂടി റെയിൽവേ പാത ദീർഘിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ജി. ആർ. അനിൽ ഉൾപ്പെടെയുള്ളവർ സർക്കാരിന് കത്തും നൽകിയിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട നടപടികൾ പരിശോധിക്കാവുന്നതാണ്.

## 8. ഗുരുവായൂർ- തിരുനാവായ റെയിൽപ്പാത

ശ്രീ. എൻ. കെ. അക്ബർ: സർ, ഗുരുവായൂർ-തിരുനാവായ റെയിൽവേ പാതയുടെ സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ സബ്മിഷൻ. ഗുരുവായൂർ-തിരുനാവായ റെയിൽവേ പാതയുടെ ഡീഫ്രീസിങ്ങ് നീക്കിക്കൊണ്ട് റെയിൽവേയുടെ ഔദ്യോഗിക ഉത്തരവ് പുറത്തിറങ്ങിയതായി വാർത്ത കാണാൻ സാധിച്ചു. 2021-ൽ ഞാൻ എം.എൽ.എ.-ആയി ചുമതലയേറ്റെടുത്തതുമുതൽ ഗുരുവായൂർ-തിരുനാവായ റെയിൽവേ പാത നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തിയിരുന്നു. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനും റെയിൽവേയുടെ ചുമതലയുള്ള ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ-തിരുനാവായ റെയിൽവേ പാതയുടെ ഡീഫ്രീസിങ്ങ് നീക്കിക്കൊണ്ട് നിർമ്മാണം പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 2023-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തു നൽകിയിരുന്നു. എന്നാൽ മറ്റെല്ലാ കാര്യങ്ങളെയും

പോലെ കേന്ദ്ര സർക്കാർ ഈ നടപടിയും വൈകിപ്പിച്ചു. മൂന്നുവർഷങ്ങൾക്ക് ശേഷം ഇപ്പോഴാണ് ഡീഫ്രീസിങ്ങ് മാറ്റാൻ കേന്ദ്ര സർക്കാർ തയ്യാറായത് എന്നത് ഈ പാതയുടെ വികസനത്തിന് ബോധപൂർവം കേന്ദ്ര സർക്കാർ കാലതാമസം ഉണ്ടാക്കിയതിന്റെ തെളിവാണിത്. ഇപ്പോൾ ഉണ്ടായിട്ടുള്ള ഡീഫ്രീസിങ്ങ് നടപടി തന്റെ ഇടപെടലിന്റെ ഫലമായിട്ടാണെന്ന് അവകാശപ്പെടുന്ന കേന്ദ്ര മന്ത്രിയും തൃശ്ശൂർ എം.പി.-യുമായ ശ്രീ. സുരേഷ് ഗോപി കേന്ദ്ര സർക്കാർ ബോധപൂർവം ഉണ്ടാക്കിയ ഈ കാലതാമസത്തിന് മറുപടി പറയേണ്ടതായിട്ടുണ്ടെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. 1995-ൽ റെയിൽവേ മന്ത്രിയായിരുന്ന സുരേഷ് കൽമാഡി ഗുരുവായൂർ-കുറ്റിപ്പുറം റെയിൽവേ പാതയ്ക്ക് തറക്കല്ലിട്ടെങ്കിലും പിന്നീട് ഒരിഞ്ച് പ്രവൃത്തിപോലും മുന്നോട്ടുപോയില്ല. ബദൽ പാതയാകേണ്ടിയിരുന്ന പദ്ധതിയാണ് എങ്ങുമെത്താതെ നിർത്തലാക്കിയത്. എന്തുതന്നെയായാലും ഡീഫ്രീസിങ് നടപടി വാർത്തയായി വന്ന ഈ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന് ഔദ്യോഗികമായ എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോയെന്നും ഗുരുവായൂർ-തിരുനാവായ റെയിൽവേ പാത

യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ വേഗത്തിലാക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഗുരുവായൂർ-തിരുനാവായ റെയിൽപ്പാത ഡീഫ്രീസിങ് ചെയ്യുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. 1-12-2022-ൽ നൽകിയ കത്ത് കേന്ദ്ര റെയിൽവേ മന്ത്രിക്ക് അയച്ചിരുന്നു. തുടർന്നും ഇതുമായി ബന്ധപ്പെട്ട് നിരവധി കത്തുകൾ റെയിൽവേ വകുപ്പുമന്ത്രിയ്ക്ക് അയയ്ക്കുകയും അദ്ദേഹവുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും ചെയ്തതാണ്. ഗുരുവായൂർ-തിരുനാവായ റെയിൽവേ പാത നിർമ്മാണപ്രവൃത്തി ഡീഫ്രീസിങ് ചെയ്തുകൊണ്ടുള്ള കത്ത് കേന്ദ്ര റെയിൽവേ ബോർഡിൽ നിന്നും ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ഇതുസംബന്ധിച്ച് ഔദ്യോഗികമായി അറിയിപ്പൊന്നും കേരള സർക്കാരിന് ലഭിച്ചിട്ടില്ലെങ്കിലും കത്തിന്റെ പകർപ്പ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗിക നടപടിക്രമങ്ങൾ ആരംഭിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. റെയിൽവേ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് അലൈൻമെന്റ് അടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിൽ വരുന്ന ഏത്

റെയിൽവേ പദ്ധതിയും മികച്ച രീതിയിൽ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹകരണമുണ്ടാകുമെന്ന് റെയിൽവേയ്ക്ക് ഉറപ്പുനൽകുകയാണ്.